## تعريف بالقرآن الكريم (للحرمين)

# വിശുദ്ധ ഖുർആൻ പരിചയം

# വിശുദ്ധ ഖുർആൻ പരിചയം

മസ്ജിദുൽ ഹറാം, മസ്ജിദുന്നബവി എന്നിവിടങ്ങളിലെ മതകാര്യ വിഭാഗം - വൈജ്ഞാനിക സമിതി

# എന്താണ് വിശുദ്ധ ഖുർആൻ?

മസ്ജിദുൽ ഹറാം, മസ്ജിദുന്നബവി എന്നിവിടങ്ങളിലെ മതകാര്യ വിഭാഗം - വൈജ്ഞാനിക സമിതി

بسم الله الرحمن الرحيم

സർവ്വലോകങ്ങളുടെ രക്ഷിതാവും സ്രഷ്ടാവുമായ അല്ലാഹുവിന്റെ സംസാരമാണ് വിശുദ്ധ ഖുർആൻ. അന്തിമ പ്രവാചകനായ മുഹമ്മദ് നബി (ﷺ) ക്ക് മേൽ അല്ലാഹു ഈ ഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നു. മാനവകുലത്തിന് തങ്ങളുടെ സൃഷ്ടിപ്പിന്റെ ലക്ഷ്യം ബോധ്യപ്പെടുത്തി കൊടുക്കുകയും, ഐഹികവും പാരത്രികവുമായ സൗഭാഗ്യത്തിലേക്ക് അവരെ നയിക്കുകയും, മരണശേഷമുള്ള ശാശ്വത നഷ്ടത്തിൽ നിന്ന് അവരെ രക്ഷപ്പെടുത്തുകയും ചെയ്യുന്നതിന് വേണ്ടിയാണ് ഖുർആൻ അവതരിക്കപ്പെട്ടത്. അല്ലാഹുവിൽ നിന്നുള്ള വേദഗ്രന്ഥങ്ങളിൽ അവസാനത്തേതാണ് ഖുർആൻ; അതിന് മുൻപുള്ള വേദഗ്രന്ഥങ്ങളെ സത്യപ്പെടുത്തി കൊണ്ടും, അവയിലുള്ള വിധിവിലക്കുകളെ ദുർബലപ്പെടുത്തി കൊണ്ടുമാണ് അത് അവതരിച്ചത്.

വിശുദ്ധ ഖുർആൻ അല്ലാഹുവിൽ നിന്നുള്ള ദൃഷ്ടാന്തവും, എന്നെന്നേക്കുമായുള്ള അത്ഭുതക

രമായ തെളിവുമാണ്. മുഹമ്മദ് നബി (സ) യുടെ പ്രവാചകത്വത്തിന്റെ സത്യസന്ധതക്കുള്ള അടയാളം കൂടിയാണത്. വിശുദ്ധ ഖുർആനിന് സമാനമായ ഒരു ഗ്രന്ഥം -അല്ല! അതിലെ ഒരു അദ്ധ്യായത്തിന് സമാനമായ ഒരു അദ്ധ്യായമെങ്കിലും- കൊണ്ടുവരാൻ മനുഷ്യരെയും ജിന്നുകളെയും അല്ലാഹു വെല്ലുവിളിച്ചിരിക്കുന്നു. പക്ഷേ, ആർക്കും ഈ വെല്ലുവിളിയെ നേരിടാൻ ഇന്നു വരെ സാധിച്ചിട്ടില്ല.

1400 വർഷങ്ങൾക്ക് മുൻപ് അവതരിച്ച ഈ ഗ്രന്ഥത്തിലേക്ക് ഒരാളുടെയും കൈകടത്തലുകളോ മാറ്റത്തിരുത്തലുകളോ കയറിക്കൂടിയിട്ടില്ല. വിശുദ്ധ ഖുർആൻ അവതരിക്കപ്പെട്ട ഭാഷയായ അറബി ഭാഷയിൽ തന്നെ അത് എന്നെന്നും നിലനിൽക്കുന്നതാണ്. കാരണം അന്ത്യനാൾ വരെ ഈ ഗ്രന്ഥത്തിന്റെ സംരക്ഷണം താൻ ഏറ്റെടുത്തിരിക്കുന്നു എന്ന് അല്ലാഹു തന്നെ അറിയിച്ചിരിക്കുന്നു.

ഇസ്ലാമിന്റെ അടിസ്ഥാന പ്രമാണമാണ് വിശുദ്ധ ഖുർആൻ. മനുഷ്യരുടെ ജീവിതത്തെ ചിട്ടപ്പെടുത്തുകയും, എല്ലാ കാലഘട്ടത്തിലും എല്ലാ പ്രദേശത്തും അവരെ ശരിയിലേക്ക് നയിക്കുകയും ചെയ്യുന്ന സമ്പൂർണ്ണ ഭരണഘടനയുമാണത്. സ്രഷ്ടാവായ ഏകആരാധ്യനെ മാത്രം ആരാധിക്കുന്നതിലേക്ക് മനുഷ്യരെ ക്ഷണിക്കുകയും, തങ്ങളുടെ രക്ഷിതാവിനെ കുറിച്ചും മതത്തെ കുറിച്ചും, പ്രപഞ്ച സൃഷ്ടിപ്പിന്റെ ആരംഭത്തെ കുറിച്ചും, മനുഷ്യ സൃഷ്ടിപ്പിന്റെ ഘട്ടങ്ങളെ സംബന്ധിച്ചും അവർ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ വി

വരിക്കുകയും ചെയ്യുന്നു ഈ ഗ്രന്ഥം. കഴിഞ്ഞ കാലഘട്ടത്തിൽ സംഭവിച്ചതും, ഭാവിയിൽ സംഭവിക്കാനിരിക്കുന്നതുമായ കാര്യങ്ങളെ കുറിച്ചും , മുൻകഴിഞ്ഞ നബിമാരുടെ ചരിത്രങ്ങളെ കുറിച്ചും, അവരെ അല്ലാഹു എങ്ങനെ സഹായിച്ചു; ശത്രുക്കളെ എങ്ങനെ നശിപ്പിച്ചു എന്നതിനെ കുറിച്ചും ഖുർആൻ വിവരിക്കുന്നു. ആരാധനാകർമ്മങ്ങളുടെയും, ഇടപാടുകളുടെയും അടിസ്ഥാന തത്വങ്ങളും, മനോഹരമായ സ്വഭാവങ്ങളിലേക്കുള്ള ക്ഷണവും, മോശമായ സ്വഭാവങ്ങളിൽ നിന്നുള്ള താക്കീതും ഖുർആനിലുണ്ട്. പരലോകത്ത് വിശ്വാസികളുടെ ഭവനമായ സ്വർഗത്തിലേക്കോ, അതിക്രമികളായ നിഷേധികളുടെ ഭവനമായ നരകത്തിലേക്കോ മനുഷ്യർ ചെന്നണയുമെന്നതിനെ കുറിച്ചും ഖുർആൻ അറിയിക്കുന്നു.

അറബി ഭാഷയിൽ അവതരിപ്പിക്കപ്പെട്ട വിശുദ്ധ ഖുർആനിന്റെ മഹത്തരമായ സ്ഥാനവും പ്രാധാന്യവും കാരണത്താൽ, മനുഷ്യകുലത്തിന് ഈ ഗ്രന്ഥം എത്തിച്ചു നൽകണമെന്ന് അല്ലാഹു കൽപ്പിച്ചിരിക്കുന്നു. വിശുദ്ധ ഖുർആൻ എളുപ്പത്തിൽ മനസ്സിലാക്കുന്നതിനും, ഇത് ജനങ്ങൾക്ക് എത്തിച്ചു നൽകുക എന്ന കൽപ്പന നിറവേറ്റുന്നതിനുമായി വിശുദ്ധ ഖുർആനിന്റെ ആശയവിവരണം ഞങ്ങൾ നിങ്ങൾക്ക് മുൻപിൽ സമർപ്പിക്കുന്നു. ഖുർആനിലെ ഓരോ വചനങ്ങളുടെയും ആശയം മനസ്സിലാക്കുന്നതിലും അവ വിവർത്തനം ചെയ്യുന്നതിലും ഈ സംരംഭത്തിന്റെ പിറകിൽ പണിയെടുത്തവർ അങ്ങേയറ്റം പരിശ്രമിച്ചിട്ടുണ്ട്. എന്നാൽ ഖുർആനിന്റെ മൂലവചനങ്ങൾ ഉൾ

ക്കൊള്ളുന്ന മഹത്തരമായ ആശയങ്ങൾ പരിഭാഷയിലൂടെ പകർന്നു നൽകുക എന്നത് അസാധ്യമാണ് എന്ന ഉറച്ച ബോധ്യം ഞങ്ങൾക്കുണ്ട്. കാരണം മനുഷ്യരുടെ ഏതൊരു നിർമ്മാണങ്ങളെയും കവച്ചു വെക്കുന്ന അതിമഹത്തരമായ ദൃഷ്ടാന്തമാണ് വിശുദ്ധ ഖുർആൻ. അതിനാൽ ഖുർആനിന്റെ ആശയപരമായ മനോഹാരിതയും ഭംഗിയും കൂടുതൽ ആസ്വദിക്കാൻ ആഗ്രഹിക്കുന്നവർ ഖുർആൻ അവതരിക്കപ്പെട്ട ഭാഷയായ അറബിഭാഷ പഠിക്കാൻ ശ്രമം നടത്തണമെന്ന് കൂടെ ഞങ്ങൾ ഇതോടൊപ്പം നിർദേശിക്കട്ടെ.

وسلام على المرسلين، والحمد لله رب العالمين.

ഈ ക്യൂആർ കോഡ് ഉപയോഗിച്ച് താങ്കളുടെ ഭാഷയിൽ വിശുദ്ധ ഖുർആൻ ആശയാർത്ഥം വായിക്കാം.

# ഉള്ളടക്കം

വിശുദ്ധ ഖുർആൻ പരിചയം....................................................2
എന്താണ് വിശുദ്ധ ഖുർആൻ? ....................................................2

ml445v1.2 - 06/09/2026